"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - ജീവനക്കാര്യം - കൃഷി ഓഫീസറായ ശ്രീമതി അർച്ചന മുരളി - യുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.416/2024/AGRI തീയതി,തിരുവനന്തപുരം, 06-05-2024

---

പരാമർശം:-

1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 19/02/2024 തീയതിയിലെ ADFW/6364/2023-SD2 നമ്പർ നടപടിക്രമം
2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 27/02/2024 തീയതിയിലെ ADFW/6364/2023-SD2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ കൃഷി ഓഫീസറായി 02/11/2018 പൂർവ്വാഹ്നത്തിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി അർച്ചന മുരളി നിർബന്ധിത വകുപ്പുതല പരീക്ഷ പാസ്സാകാതിരുന്നതിനാൽ ടിയാന്റെ പ്രൊബേഷൻ കാലയളവ് പരാമർശം (1) നടപടിക്രമം പ്രകാരം 02/11/2020 മുതൽ 01/11/2021 വരെ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ശ്രീമതി അർച്ചന മുരളി ജൂലൈ 2022 ന് അക്കൗണ്ട് ടെസ്റ്റ് ലോവർ പരീക്ഷ പാസ്സായിട്ടുണ്ട്. ടി പരീക്ഷയുടെ അവസാന തീയതി 13/11/2022 ആണ്. ശ്രീമതി അർച്ചന മുരളി - യുടെ പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിനായി ടിയാളുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവാകണമെന്ന് പരാമർശം (2) പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ അപേക്ഷിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൃഷി ഓഫീസറായ ശ്രീമതി അർച്ചന മുരളി - യുടെ പ്രൊബേഷൻ കെ എസ്.&എസ് എസ് ആർ ഭാഗം II ചട്ടം 21 ലെയും ചട്ടം 28 (bbb) ലെയും 30/08/1989 ലെ 7850/റൂൾസ് -1-88/P&ARD നമ്പർ സർക്കുലറിലെയും വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ 14/11/2022 പൂർവ്വാഹ്നം പ്രാബല്യത്തിൽ പ്രഖ്യാപിക്കുന്നതിനായി ടിയാളുടെ പ്രൊബേഷൻ കാലയളവ് 02/11/2021 മുതൽ 15/11/2022 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

VALSALA S D

ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

ശ്രീമതി അർച്ചന മുരളി(കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി ( AGRI-EA2/90/2024-AGRI)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ